## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2963

13.07.2015-ൽ മറുപടിക്ക്

### ജീവൻരക്ഷാ പ്രവർത്തനങ്ങൾക്ക് യോഗ്യമായ രക്ഷാബോട്ടുകൾ

| | ചോദ്യം<br>ശ്രീ. എ. പ്രദീപ്കുമാർ | | ഉത്തരം<br>ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ ജീവൻ രക്ഷാ പ്രവർത്തനങ്ങൾക്കായി യോഗ്യമായ രക്ഷാബോട്ടുകൾ ഫിഷറീസ് വകുപ്പിൽ നിലവിലുണ്ടോ; | (എ) | മത്സ്യത്തൊഴിലാളികൾ അപകടത്തിൽ പ്പെട്ടാൽ രക്ഷിക്കുന്നതിനായി പ്രവർത്തനക്ഷമമായ ഒരു ബോട്ട് ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്രയെണ്ണം ഉണ്ടെന്നും ഇവ ഏതെല്ലാം ജില്ലകളിലെ തുറമുഖങ്ങളിലാണ് ഉള്ളതെന്നും വിശദമാക്കുമോ ; | (ബി) | പ്രവർത്തന ക്ഷമമായ ഈ ബോട്ട് കൊല്ലം ജില്ലയിലെ നീണ്ടകര കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ, എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ബോട്ട് വാടകയ്ക്ക് എടുത്ത് കടൽ പട്രോളിംഗും കടൽ രക്ഷാപ്രവർത്തനവും നടത്തി വരുന്നുണ്ട്. |
| (സി) | സർക്കാരിന്റെ ഉടമസ്ഥതയിലുള്ള രക്ഷാബോട്ടുകളിൽ അപകടത്തിൽ പ്പെട്ടവരെ രക്ഷിക്കുന്നതിനുള്ള എന്തെല്ലാം സജ്ജീകരണങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ ; | (സി) | രക്ഷാ ബോട്ടിൽ ലൈഫ്ബോയ്, ലൈഫ് ജാക്കറ്റ്, ഫസ്റ്റ് എയ്ഡ് കിറ്റ്, ഹീലിയോ ഗ്രാഫ്, പ്ലാസ്റ്റിക് റോപ്പ്, റേഡിയോ ബീക്കൺ മുതലായവ ഉണ്ടായിരിക്കും. |
| (ഡി) | ഈ രക്ഷാ ബോട്ടുകളിൽ പരിശീലനം ലഭിച്ച ജീവനക്കാരുണ്ടോ;? | (ഡി) | ഉണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ ഓരോ ബോട്ടിലും എത്ര പേർ വീതമുണ്ടെന്ന് വിശദമാക്കുമോ ? | (ഇ) | ഓരോ ബോട്ടിലും 2 കടൽ സുരക്ഷാ സേനാംഗങ്ങളും മറൈൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരും, ഫിഷറീസ് വകുപ്പിലെ ജീവനക്കാരും ഉണ്ട്. |

സെക്ഷൻ ഓഫീസർ